ശ്രീ. പി.ആർ. പ്രഥാൻസിസ്: ആക്സിഡൻറ് സംഭവിച്ചു കഴിഞ്ഞാൽ ട്രൈബ്യൂണലിൽ ക്ലെയിം പെറ്റീഷൻ കൊടുക്കുന്നതിന് പാവങ്ങൾക്ക് അറിഞ്ഞുകൂടാത്തതുകൊണ്ട് മന്ത്രിമാർക്കോ ട്രാൻസ്പോർട്ട് കമ്മീഷണർക്കോ ആണ് അപേക്ഷ അയയ്ക്കുന്നത്. ഇപ്രകാരം കിട്ടുന്ന അപേക്ഷ ഇവിടെയല്ല നൽകേണ്ടതു് ഇന്ന സ്ഥലത്താണ് നൽകേണ്ടതെന്നു പറഞ്ഞുകൊണ്ട് എന്തെങ്കിലും നിർദ്ദേശം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: പ്രത്യേക കോടതികൾ നിശ്ചയിച്ച് വേണ്ടത്ര പ്രചാരം കൊടുക്കുവാനാണ് ഗവൺമെൻറ് ആഗ്രഹിക്കുന്നത്.

ശ്രീ. സി. എ. കുര്യൻ: ഈ അടുത്ത കാലത്ത് തമിഴ്നാട് വക ഒരു ബസ് മൂന്നാറിൽവച്ച് ഒരു കൊക്കയിൽ മറിയുകയുണ്ടായി. അപകടം സംഭവിച്ചവർക്ക് അവിടത്തെ മന്ത്രി പതിനായിരം രൂപാവീതം നഷ്ടപരിഹാരം കൊടുക്കാമെന്നു പറഞ്ഞിട്ട് ഇതേവരെ ആ നഷ്ടപരിഹാരം നൽകിയിട്ടില്ല. അതുകൊണ്ട് ഇവിടത്തെ ട്രാൻസ്പോർട്ട് വകുപ്പു മന്ത്രി തമിഴ്നാട്ടിലെ ബന്ധപ്പെട്ട മന്ത്രിയുമായി ബന്ധപ്പെട്ട് വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: അതിനുവേണ്ട ഇടപാടുകൾ ചെയ്യാം.

ശ്രീ. എം.വി. രാഘവൻ: കെ.എസ്.ആർ.ടി.സി: ബസ്സുകൾ ആളുകളെ കൊല്ലുന്ന പതിവ് ഉണ്ടല്ലോ. ഇത് സംബന്ധിച്ചുള്ള ഹർജികളെ സംബന്ധിച്ച് നേരിട്ട് തീരുമാനിക്കുകയാണോ ചെയ്യുന്നത്, അതോ ട്രൈബ്യൂണലിലേക്ക് അയയ്ക്കുകയാണോ ചെയ്യുന്നത്?

ശ്രീ. കെ. നാരായണക്കുറുപ്പ്: കെ.എസ്.ആർ.ടി.സി.-ക്ക് പ്രത്യേക സംവിധാനമാണ് ഇപ്പോൾ നിലവിലുള്ളത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ശ്രീ. തോമസ്സിനു് അറുപത്തിമൂവ്വായിരം രൂപയാണ് ഡിപ്പാർട്ടുമെൻറലായിട്ട് ആദ്യം അനുവദിച്ചത്. എന്നാൽ അദ്ദേഹം കോടതിയിൽ പോവുകയും പെറ്റീഷൻ കൊടുക്കുകയും ചെയ്തതുകൊണ്ട് അതിനെക്കുറിച്ച് അന്വേഷിച്ചിട്ട് ഹൈക്കോടതി 1,81,000 രൂപയാണ് അനുവദിച്ചിട്ടുള്ളത്. അദ്ദേഹം ഒരു വക്കീലും നിയമസഭാ സാമാജികനുമായിരുന്നതുകൊണ്ടാണ് ഇങ്ങനെ ലഭിച്ചത്. അപ്പോൾ ഇതിൽനിന്നും മനസ്സിലാക്കേണ്ടതു് സാധാരണക്കാരായ ആളുകൾക്ക് നീതി ലഭിക്കുന്നില്ലായെന്നല്ലേ?

ശ്രീ. കെ. നാരായണക്കുറുപ്പ്: നിലവിലുള്ള നിയമം അനുസരിച്ച് ചിലപ്പോൾ കണക്കാക്കിനോക്കുമ്പോൾ കുറച്ചുതുകയേ വരികയുള്ളു. കൂടുതൽ കൊടുക്കാൻ ആഗ്രഹിച്ചാൽ കൊടുക്കുവാൻ ബുദ്ധിമുട്ടുണ്ട്. അദ്ദേഹം ഹൈക്കോടതിയിൽ പോയപ്പോൾ ഒരു ലക്ഷത്തിൽ ചിലപ്പോൾ കിട്ടിയതു് ശരിയാണ്.

ട്രൈബൽ വെൽഫയർ ഡിപ്പാർട്ടുമെൻറിൻെറ ഉപദേശക സമിതി

* 625 [682] ശ്രീ. വി.ജെ. ജോസഫ്:

,, കെ.വി. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ട്രൈബൽ വെൽഫയർ ഡിപ്പാർട്ടുമെൻറിനെ ഉപദേശിക്കുന്നതിന് ഉപദേശക സമിതികൾ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയുടെ ചുമതലകൾ എന്തെല്ലാമാണ്?

ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പു മന്ത്രി (ശ്രീ. ദാമോദരൻ കാളാശേരി):

(എ) ഉണ്ട്. സംസ്ഥാന ഗിരിവർഗ്ഗ ഉപദേശകബോർഡും പ്രാദേശിക ഗിരിവർഗ്ഗ ഉപദേശക സമിതിയും.

(ബി) 1. സംസ്ഥാന ഗിരിവർഗ്ഗ ഉപദേശക ബോർഡിന്റെ ചുമതല.

2. ഗിരിവർഗ്ഗക്കാർക്ക് പ്രയോജനപ്രദമായ കാര്യങ്ങളെ സംബന്ധിച്ച് ഗവൺമെൻറിനെ ഉപദേശിക്കുക.

3. ഗിരിജനക്ഷേമ വകുപ്പിന്റെ പദ്ധതി പ്രവർത്തനത്തെപ്പറ്റി അവലോകനം നടത്തുക.

പ്രാദേശിക ഗിരിവർഗ്ഗ ഉപദേശക സമിതിയുടെ ചുമതലകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. †

ശ്രീ. വി. ജെ. ജോസഫ്: ഗിരിവർഗ്ഗ ഉപദേശക ബോർഡിലും പ്രാദേശിക ഉപദേശകസമിതിയിലും എത്ര അംഗങ്ങൾ വീതമുണ്ടെന്നും ഈ സമിതി എന്ന് നിലവിൽവന്നുവെന്നും എന്ന് ഇതിന്റെ കാലാവധി തീരുമെന്നും വ്യക്തമാക്കുമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: ഈ സമിതി രൂപീകരിച്ചത് 25.5.1978 ലാണ്. രണ്ടുവർഷമാണ് ഇതിന്റെ കാലാവധി. പ്രാദേശിക സമിതികളിൽ ഇരുപത് അംഗങ്ങളും സ്റ്റേറ്റ് ലെവലിൽ മുപ്പത് അംഗങ്ങളുമുണ്ട്.

ശ്രീ. വി. ജെ. ജോസഫ്: ഗിരിവർഗ്ഗ ഉപദേശകബോർഡിലും പ്രാദേശിക സമിതിയിലും ഗിരിവർഗ്ഗക്കാർ താമസിക്കുന്ന പ്രദേശങ്ങളെ റെപ്രസന്റു ചെയ്യുന്ന ജനപ്രതിനിധികളെക്കൂടി ഉൾപ്പെടുത്തുന്നതിന് ദയവുണ്ടാകുമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: ആ കാര്യത്തെസംബന്ധിച്ച് ആലോചിക്കാവുന്നതാണ്. പ്രത്യേകമായി ഗിരിവർഗ്ഗക്കാരെ സംബന്ധിച്ച് പഠിച്ചിട്ടുള്ളവരേയും ഗിരിവർഗ്ഗക്കാരുമായി കൂടുതൽ അടുത്ത ബന്ധമുള്ളവരേയും എടുക്കുന്ന കാര്യത്തിൽ ഗവൺമെൻറ് പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: ട്രൈബൽ വെൽഫയർ ഡിപ്പാർട്ടുമെൻറിന്റെ അഡ്വൈസറി കമ്മിറ്റിയിൽ ഗിരിവർഗ്ഗക്കാർക്ക് കൂടുതൽ പ്രാധാന്യം നൽകുന്നതിന് ഉദ്ദേശമുണ്ടോ? ഉണ്ടെങ്കിൽ ഇന്ന് ട്രൈബ് സല്ലാത്ത പല ആൾക്കാരുമുണ്ട്. അവരെ മാറ്റിയിട്ട് ഗിരിവർഗ്ഗക്കാർക്ക് പ്രാമുഖ്യം നൽകുന്ന ഒരു കമ്മിറ്റി രൂപീകരിക്കുമോ?

†. അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ദാമോദരൻ കാളാശ്ശേരി: ജനാധിപത്യ നടപടിക്കനുസരിച്ച് അവരുമായി കൂടുതൽ ബന്ധമുള്ളവരേയും അവരുടെ പ്രശ്നം അറിയാവുന്നവരേയും ഉൾപ്പെടുത്തികൊണ്ടുള്ള കമ്മിറ്റിയാണ് ഉള്ളത്. ഗിരിവർഗ്ഗക്കാരേയും ഉൾപ്പെടുത്തികൊണ്ട് തെരഞ്ഞെടുക്കുന്ന കാര്യത്തിൽ ഗവൺമെന്റ് ശ്രദ്ധിക്കുന്നതാണ്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: ട്രൈബൽ അഡ്വൈസറി ബോർഡിൽ ട്രൈബ്സിലെ എം.എൽ.എ. മാരില്ലാത്ത സ്ഥലത്ത് കാസ്റ്റിലെ എം.എൽ.എ. മാരെ ഉൾപ്പെടുത്തികൊണ്ടുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: അത് പരിശോധിക്കാവുന്നതാണ്.

ശ്രീ. എം. വി. രാഘവൻ: ട്രൈബൽബോർഡിലും ഉപദേശക സമിതിയിലും അവരുമായി ബന്ധപ്പെടുന്നവരെ നിശ്ചയിക്കുമെന്ന് പറഞ്ഞു. എങ്ങനെയാണ് അതിന്റെ മാനദണ്ഡമെന്ന് വ്യക്തമാക്കുമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: സാമൂഹ്യരംഗത്തും പൊതു പ്രവർത്തനരംഗത്തുമുള്ള ബന്ധം, നമ്മുടെ രാഷ്ട്രീയ സാമൂഹ്യ സാംസ്ക്കാരിക രംഗങ്ങളിലുള്ള പ്രവർത്തനം എന്നിവയാണ്.

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്: മൊത്തത്തിൽ കുറച്ചുവർഷം സാമൂഹ്യപ്രവർത്തനം ചെയ്യുകയും ഗിരിവർഗ്ഗക്കാരുടെ ദൈനംദിന ജീവിതവുമായി കുറെകൂടുതൽ ബന്ധപ്പെടുകയും ചെയ്തിട്ടുണ്ടെന്ന് പരിശോധിച്ച് അറിഞ്ഞിട്ടാണോ അത്തരം ആളുകളെ പ്രതിനിധികളായി എടുക്കുന്നത്?

ശ്രീ. ദാമോദരൻ കാളാശ്ശേരി: അതെല്ലാം ബന്ധപ്പെട്ട ഉദ്യോഗ സ്ഥൻമാർക്കു നിർദ്ദേശം കൊടുത്ത് അവരെക്കൊണ്ടു പരിശോധിപ്പിച്ചതിനുശേഷം ഈ കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

ശ്രീ. വി.ജെ. ജോസഫ്: പ്രാദേശിക ഉപദേശക സമിതിയിലെ ഏരിയാ ഡെവലപ്പ്മെൻറ് ആഫീസർമാർ ഗിരിവർഗ്ഗക്കാരുടെ പ്രയോജനത്തിനുവേണ്ടി പ്രവർത്തിക്കുന്നില്ലെന്നും അവർ വേണ്ടരീതിയിൽ പ്രവർത്തിക്കുന്നില്ലെന്നും പരാതി കിട്ടിയിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: പരാതികളും വ്യക്തമായി എഴുതി തരികയാണെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കാം.

ശ്രീ. വി. ജെ. ജോസഫ്: അട്ടപ്പാടി ഭാഗത്തുള്ള ട്രൈബൽ കമ്മിറ്റി കഴിഞ്ഞ മൂന്നു കൊല്ലമായിട്ട് ഒരു പ്രാവശ്യമാണ് കൂടിയത്. ആദിവാസികൾക്കുവേണ്ടിയുള്ള ഡെവലപ്പുമെൻറായിട്ടുള്ള കാര്യങ്ങളാ ആട്, വീട്, കോഴി മുതലായവകൊടുക്കുന്ന കാര്യത്തിൽ ആ ബ്ലോക്കിലുള്ള ഒരൊറ്റ ആഫീസറുടെ സ്വന്തം അധികാരത്തോടുകൂടിയാണ് ചെയ്യുന്നത്. ഇതു സംബന്ധിച്ച് വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ? അത് മാറ്റി മുഴുവൻ ആളുകൾക്കും ആനുകൂല്യം കൊടുക്കാനുള്ള ഏർപ്പാട് ചെയ്യുമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: അതെക്കുറിച്ച് അന്വേഷിക്കാം.

ശ്രീ. സി. എ. കുര്യൻ: ട്രൈബൽ വെൽഫയർ ഉപദേശകസമിതിയിൽ പലപ്പോഴും ചർച്ചചെയ്തിട്ടുള്ളതാണ് ഇലക്ട്രിഫിക്കേഷന്റെ കാര്യം.

LIBRARY ARCHIVES Kerala Legislative Assembly

ഈ വർഷത്തിലും ട്രൈബൽ ഏരിയ വൈദ്യുതീകരിക്കുന്നതിനും ആ പ്രദേശത്ത് റോഡില്ലാത്ത സ്ഥലങ്ങളിൽ റോഡ് വെട്ടുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: ഇതു സംബന്ധിച്ച് പ്രത്യേക നോട്ടീസ് വേണം.

ഹരിജനങ്ങൾക്കുള്ള ഗ്രാൻറ് വിതരണം

* 626 [683] ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്:
,, ചടയൻ ഗോവിന്ദൻ:
,, പി. കരുണാകരൻ:
,, പി. വി. കുഞ്ഞിക്കണ്ണൻ:
,, എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിജൻ വെൽഫയർ വകുപ്പിൽ നിന്നും പട്ടികജാതിക്കാർക്ക് വിവിധ ഇനങ്ങളിലായി നൽകുന്ന ഗ്രാൻറുകൾ ഈ വർഷം വിതരണം ചെയ്തുവോ;

(ബി) ചെയ്തില്ലെങ്കിൽ ഏതേതു ജില്ലകളിലാണ് വിതരണം ചെയ്യാത്തതെന്നു വ്യക്തമാക്കുമോ;

(സി) ഗ്രാൻറുകൾ വിതരണം ചെയ്യാൻ കാലതാമസമുണ്ടാകുന്നതെന്തു കൊണ്ടാണെന്നു വ്യക്തമാക്കുമോ;

ഹരിജനക്ഷേമവും സാമൂഹ്യ വികസനവും വകുപ്പു മന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി):

(എ) വിതരണം ചെയ്തു കൊണ്ടിരിക്കുന്നു. മിക്കവാറും ഗ്രാൻറുകൾ നൽകിക്കഴിഞ്ഞു.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) അപേക്ഷകൾ ക്ഷണിക്കുക, ആവശ്യമായ സാക്ഷിപത്രങ്ങൾ സമ്പാദിച്ചശേഷം അപേക്ഷകളിൻമേൽ അന്വേഷണം നടത്തുക, അതിനുശേഷം ജില്ലാ ഉപദേശക സമിതികൂടി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുക, തുടങ്ങിയ പല നടപടികളും കൈക്കൊള്ളേണ്ടതായിട്ടുള്ളതിനാലാണ് ഗ്രാൻറ് വിതരണം ചെയ്യുന്നതിന് കാലതാമസം നേരിടുന്നത്.

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്: പല പ്രൈവറ്റ് ഇൻസ്റ്റിറ്റ്യൂട്ടുകളിലും ഗ്രാൻറ് വിതരണം ചെയ്യുന്നതിനായി, ഗവൺമെൻറിൽ നിന്ന് ഗ്രാൻറ് കൊടുത്തതിനുശേഷവും പാവപ്പെട്ട പട്ടികജാതി—പട്ടികവർഗ്ഗക്കാരായ ആളുകൾക്കു കൊടുക്കുന്നില്ലെന്നുള്ള വസ്തുത ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? അതിനെതിരായി ഗവൺമെൻറ് കർശനമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: ശരിയായിട്ടുള്ള നിലയിൽ ഗവൺമെൻറിൻെറ ശ്രദ്ധയിൽപെടുത്തുകയാണെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly